# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3018 — 11/12/2014 ൽ മറുപടിക്ക്

### വിദ്യാർത്ഥികളുടെ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എ.അസീസ്**<br>**" കോവൂർ കുഞ്ഞുമോൻ** | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ യൂണിഫോം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; | എ) ഏകീകൃത യൂണിഫോം നടപ്പിലാക്കുവാൻ ഇതുവരെയും തീരുമാനിച്ചിട്ടില്ല |
| ബി) നിലവിൽ സൗജന്യ യൂണിഫോം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | ബി) നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നില്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 2013-14 വർഷത്തിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതനുസരിച്ച് ഒരു ജോഡി യൂണിഫോമിന് തയ്യൽ കൂലിയടക്കം 200/- രൂപ നിരക്കിൽ രണ്ടു ജോഡി യൂണിഫോമിന് 400/- രൂപ വീതം എയ്ഡഡ് മേഖലയിലെ ഒന്നുമുതൽ എട്ടു വരെ ക്ലാസ്സുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെ എല്ലാ വിദ്യാർത്ഥികൾക്കും അനുവദിച്ചിരുന്നു. ഓരോ സ്കൂളിനും അവർക്കിഷ്ടമുള്ള പാറ്റേൺ യൂണിഫോമും കളറും തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ